# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.885 05.03.2018 ൽ മറുപടിക്ക്**

**പൊതുമരാമത്ത് കരാറുകാരുടെ കടിശ്ശിക**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് കടിശ്ശികയായി എത്ര കോടി രൂപ കൊടുത്തു തീർക്കാനുണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ 48.26 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1176.84 കോടി രൂപയും ദേശീയപാത വിഭാഗത്തിൽ 7.63 കോടി രൂപയും (ആകെ 1232.73 കോടി) കരാറുകാർക്ക് കടിശ്ശികയായി കൊടുത്തു തീർക്കാനുണ്ടായിരുന്നു. |
| ബി) നിലവിൽ കരാറുകാർക്ക് എത്ര കോടി രൂപ കൊടുത്തു തീർക്കാനുണ്ട്; | ബി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ 247.92 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 411.48 കോടി രൂപയും ദേശീയപാത വിഭാഗത്തിൽ 26.48 കോടി രൂപയും (ആകെ 685.88 കോടി) കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ട്. |
| സി) കരാറുകാരുടെ കടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | സി) കരാറുകാരുടെ ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനായി ബിൽ ഡിസ്കൗണ്ടിംഗ് രീതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ